Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

## കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

123 (2409) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിൽ 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചതും നടപ്പിലാക്കിവരുന്നതുമായ വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2014-15 സാമ്പത്തികവർഷം ആയുർവേദ ആശുപത്രിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിൽ 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷത്തിൽ ജീവനി പ്രോജക്ട് (തെരഞ്ഞെടുക്കപ്പെട്ട 150 പ്രമേഹ രോഗികൾക്കുള്ള വിദഗ്ദ ചികിത്സാ പദ്ധതി) നടപ്പിലാക്കുന്നതിന് 6,66,670 രൂപ അനുവദിച്ചിട്ടുണ്ട്. Repair and Maintenance work in Hospital Ward ഇനത്തിൽ 2,16,017 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിൽ ജിറിയാട്രിക് സെന്റർ ആരംഭിക്കുവാൻ 30 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ, ഹോമിയോ ആശുപത്രികൾ

124 (2410) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ, ഹോമിയോ ആശുപത്രികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) ഈ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രികളിലെ ശരാശരി പ്രതിമാസ ഒ.പി.-കൾ എത്രയാണെന്ന് വിശദമാക്കാമോ ;

(ഡി) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വിവരം നൽകുമോ ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു :

(i) ആയുർവേദ ആശുപത്രി

പുളിമാത്ത്, പാലോട്

(ii) സർക്കാർ ഹോമിയോ ഡിസ്പെൻസറി

കൊച്ചുകരിയ്ക്കകം, ആനാട്, നന്ദിയൂർ, പനവൂർ, പാങ്ങോട്

(iii) എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി

കല്ലറ, വാമനപുരം, നെല്ലനാട്, പുല്ലമ്പാറ

(ബി) വിവരം ചുവടെ ചേർക്കുന്നു :

i) ആയുർവേദ ആശുപത്രി

ഡോക്ടർ - 1

നഴ്സ് - 2

അറ്റന്റർ - 1

നഴ്സിംഗ് അസിസ്റ്റന്റ് - 1

ഫാർമസിസ്റ്റ് - 1

കുക്ക് - 1

സാനിട്ടേഷൻ വർക്കർ - 1

(ii) സർക്കാർ ഹോമിയോ ഡിസ്പെൻസറി

മെഡിക്കൽ ആഫീസർ - 1

ഫാർമസിസ്റ്റ് - 1

അറ്റന്റർ - 1

പാർട്ട്ടൈം സ്വീപ്പർ - 1

(സി) പുളിമാത്ത് ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പ്രതിമാസം 2500 പേരും പാലോട് ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ 3445 പേരും ഹോമിയോ ഡിസ്പെൻസറികളിൽ 1458 പേരും പ്രതിമാസം ചികിത്സ തേടുന്നു.

(ഡി) എൻ.ആർ.എച്ച്.എം. ഡിസ്പെൻസറികളായ കല്ലറ, വാമനപുരം, നെല്ലനാട്, പുല്ലമ്പാറ എന്നിവ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly